A3/49/2024-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ്-വൈലോപ്പിള്ളി സംസ്കൃതി ഭവന് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ആറാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.142/2025/CLAD തീയതി,തിരുവനന്തപുരം, 18-03-2025

---

പരാമർശം:-

1. സ.ഉ. (സാധാ) നം.210/2024/CLAD തീയതി 19/04/2024.
2. സ.ഉ. (സാധാ) നം.329/2024/CLAD തീയതി 27/06/2024.
3. സ.ഉ. (സാധാ) നം.447/2024/CLAD തീയതി 12/08/2024.
4. സ.ഉ.(സാധാ) നം.605/2024/CLAD തീയതി 21.10.2024.
5. സ.ഉ. (സാധാ) നം.713/2024/CLAD തീയതി 13/12/2024.
6. വൈലോപ്പിള്ളി സംസ്കൃതി ഭവൻ മെമ്പർ സെക്രട്ടറിയുടെ 05.02.2025 തീയതിയിലെ എം.പി.സി.സി.എസ്./56/അക്കൗണ്ട്സ്/2023-24 നമ്പർ കത്ത്.

**ഉത്തരവ്**

വൈലോപ്പിള്ളി സംസ്കൃതി ഭവന് 2024-25 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 76,50,000/- രൂപ (എഴുപത്തിയാറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (1) മുതൽ (5) വരെ ഉത്തരവുകൾ പ്രകാരം യഥാക്രമം ആദ്യ ഗഡുവായി 15,30,000/- രൂപയും (പതിനഞ്ച് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രണ്ടാം ഗഡുവായി 12,00,000/- രൂപയും (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) മൂന്നാം ഗഡുവായി മൂന്നാം ഗഡുവായി 10,00,000/- രൂപയും (പത്ത് ലക്ഷം രൂപ മാത്രം) നാലാം ഗഡുവായി 10,00,000 രൂപയും (പത്ത് ലക്ഷം രൂപ മാത്രം) അഞ്ചാം ഗഡുവായി 8,00,000 രൂപയും (എട്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചുത്തരവായിരുന്നു. പരാമർശം (6) പ്രകാരം ആറാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൈതൃക പഠന കേന്ദ്രത്തിന് 2024-25 സാമ്പത്തിക വർഷം " 2205-00-102-40-36 (നോൺ പ്ലാൻ) " എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി അനുവദിച്ചിട്ടുള്ള 76,50,000/- രൂപയിൽ നിന്നും ആറാം ഗഡുവായി 19,00,000 രൂപ (പത്തൊൻപത് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക 04/01/2021-ലെ സർക്കുലർ നം.1/2021/Fin പ്രകാരം വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 701041400000093 എന്ന സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി

ഡി.ഡി.ഒ ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ധനകാര്യ വകുപ്പ് (2767006/ EDN-C3/138/2024-FIN dated 18.03.2025)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 18-03-2025 15:19:44